**ഭരണഭാഷ-മാതൃഭാഷ**

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**പിൻ കോഡ്- 673032**

**GSTIN:32AAALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com**

നമ്പർ: 1049336-2024 തീയതി : 27-11-2024

### പരസ്യം

നഗരസഭ പരിധിയിൽ വാർഡ് 61 ൽ രാജാജി റോഡിൽ നഗരസഭ വക എസ്കലേറ്റർ കം ഫൂട്ട് ഓവർ ബ്രിഡ്ജ്, ലിഫ്റ്റുകൾ എന്നിവയുടെ നടത്തിപ്പും അനുബന്ധ കടമുറികളും, പരസ്യ ഏരിയയും ഒന്നിച്ച് നിബന്ധനകൾക്ക് വിധേയമായി ലേലം/ടെണ്ടർ ചെയ്യുന്നു.

**ലേലം/ടെണ്ടർ:** 12/12/2024 സമയം രാവിലെ 12.00

**സ്ഥലം** : **കോഴിക്കോട് കോർപറേഷൻ മെയിൻ ഓഫീസ്**

മുദ്രവെച്ച ടെണ്ടർ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നവരുടെ ടെണ്ടർ അന്നേ ദിവസം രാവിലെ 12 .00 മണി വരെ സ്വീകരിക്കുന്നതായിരിക്കും.

വിശദവിവരങ്ങൾക്ക് നഗരസഭയുടെ www.kozhikodecorporation.lsgkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതും ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ റവന്യൂ നോൺ ടാക്സ് വിഭാഗത്തിൽ നേരിട്ട് അന്വേഷിക്കാവുന്നതുമാണ്.

**ജോയിൻെറ് കോർപറേഷൻ സെക്രട്ടറി,**

കോഴിക്കോട് നഗരസഭ

1. ഓഫീസ് നോട്ടീസ് ബോർഡ്
2. സോണൽ ഓഫീസ് നോട്ടീസ് ബോർഡ്
3. കോർപേറേഷൻ വെബ്സൈറ്റ്
4. എല്ലാ ഹെൽത്ത് സർക്കിൾ ഓഫീസ് നോട്ടീസ് ബോർഡ്

# ഭരണഭാഷ-മാതൃഭാഷ

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

പിൻ കോഡ്- 673032

GSTIN:32AAALS4147A5ZE

ഫോൺ നമ്പർ : 0495-2365040

https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com

നമ്പർ: 1049336-2024 തീയതി : 27-11-2024

നഗരസഭ പരിധിയിൽ വാർഡ് 61 ൽ രാജാജി റോഡിൽ നഗരസഭ വക എസ്കലേറ്റർ കം ഫൂട്ട് ഓവർ ബ്രിഡ്ജിൻെറ നടത്തിപ്പും ആയതിലെ 61/13086 A, 61/13086 B നമ്പർ റൂമുകളും 2 പരസ്യം സ്ഥാപിക്കുന്നതിനുള്ള ഏരിയകളും ഒന്നിച്ച് ലേലം/ടെണ്ടർ ചെയ്ത് നൽകുന്നതിനും ആയതിൽ എസ്കലേറ്റർ, ലിഫ്റ്റുകൾ എന്നിവയുടെ പരിപാലന ചുമതല കൂടി ഉൾപ്പെടുത്തി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിക്കുന്നു.

**നിബന്ധനകൾ**

1.ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ കോഴിക്കോട് ബ്രാഞ്ചുകളിൽ നിന്നും മാറാവുന്ന 200000/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റോ നഗരസഭയിൽ നിരതദ്രവ്യം (ഇ എം ഡി) ഒടുക്കിയ രശീതിയോ സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ഡെപ്പോസിറ്റ് തുകക്ക് സമാനമായ ഡി.ഡി / രശീതി എന്നിവ കൂടാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യം ലൈസൻസ് ഫീസ് അടവിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതല്ല.

2. നിരതദ്രവ്യം ലൈസൻസ് കാലാവധിക്ക് ശേഷം ബാധ്യതകൾ ഒന്നും തന്നെ ഇല്ലെന്ന് ഉറപ്പായാൽ മാത്രം തിരിച്ചു നൽകുന്നതാണ്. ഈ തുകയ്ക്ക് പ്രത്യേക പലിശയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

3. ലേലം/ടെണ്ടർ താൽക്കാലികമായി ഉറപ്പിച്ചു കഴിഞ്ഞാൽ ഒന്നും രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യം നഗരസഭയിൽ പിടിച്ചു വെക്കുന്നതും, ഒന്നാം സ്ഥാനക്കാരന്റെ ലേലം തുക കൗൺസിൽ അംഗീകരിച്ച് ഉടമ്പടി ഒപ്പുവച്ചതിനുശേഷം രണ്ടാം സ്ഥാനക്കാരുടെ നിരതദ്രവ്യം തിരിച്ചു നൽകുന്നതുമാണ്.

3. ലൈസൻസ് കാലാവധി. എഗ്രിമെൻറ് തീയതി മുതൽ അഞ്ചു വർഷത്തേക്കായിരിക്കും .

4. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിയമാനുസൃതമായി പ്രവർത്തിക്കുന്നതുമായ സ്വതന്ത്രസ്വകാര്യ സ്ഥാപനം ആയിരിക്കണം. ആയത് തെളിയിക്കുന്നതിന് പാൻകാർഡ്/ ജി എസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5. 2024 മാർച്ച് 31 വരെയുള്ള അവസാനത്തെ 2 സാമ്പത്തിക വർഷത്തെ നെറ്റ്‌വർത്ത് പോസിറ്റീവ് ആയിരിക്കണം. ആയത് തെളിയിക്കുന്നതിന് CA സർട്ടിഫൈഡ് ചെയ്ത നെറ്റ്‌വർത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6. 2024 സെപ്റ്റംബർ വരെയുള്ള GST റിട്ടേൺ ഇനത്തിൽ കുടിശ്ശിക ഉണ്ടായിരിക്കാൻ പാടുള്ളതല്ല. GSTR 1, GSTR 3B ഹാജരാക്കേണ്ടതാണ്.

7. ഔട്ട്ഡോർ പരസ്യ മേഖലയിൽ കുറഞ്ഞത് 5 വർഷമെങ്കിലും പ്രവർത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്. ആയത് തെളിയിക്കുന്ന കമ്പനി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ പാൻ കാർഡ്/ GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നഗര സൗന്ദര്യവൽക്കരണത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ കുറഞ്ഞത് 3 പദ്ധതിയെങ്കിലും നടപ്പിലാക്കിയിരിക്കണം. ആയത് തെളിയിക്കുന്ന എഗ്രിമെൻറ് ഹാജരാക്കേണ്ടതാണ്.

9. സർക്കാർ, സർക്കാർ ഏജൻസികൾ ,LSGD, കമ്പനി /കോർപ്പറേഷൻ ഇവ കരിമ്പട്ടികയിൽ പെടുത്തിയിട്ടില്ലാത്തതും ആയത് തെളിയിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് ഹാജരാക്കേണ്ടതാണ്.

10. എല്ലാവർഷവും ആദ്യത്തെ മാസം ഒരു വർഷത്തെ ലൈസൻസ് ഫീസ് തുക ബാധകമായ നികുതികൾ ഉൾപ്പെടെ അഡ്വാൻസായി അടവാക്കേണ്ടതാണ്.

11. 4 എസ്കലേറ്ററുകളും 2 ലിഫ്റ്റുകളും ഒരു തടസ്സവും കൂടാതെ ദിവസവും രാവിലെ 6 മണി മുതൽ രാത്രി 10 മണി വരെ പ്രവർത്തിക്കേണ്ടതാണ്.

12. സാങ്കേതിക തകരാറുകൾ 24 മണിക്കൂറിനുള്ളിൽ പരിഹരിക്കേണ്ടതാണ്.

13. 4 എസ്കലേറ്റുകളുടെയും 2 ലിഫ്റ്റുകളുടെയും ഓരോ മാസത്തേയും കറണ്ട് ചാർജ് കൃത്യസമയത്ത് അടവാക്കേണ്ടതും കുടിശ്ശിക വരുത്താൻ പാടില്ലാത്തതും ആണ്.

14. ലിഫ്റ്റുകളും എസ്കലേറ്റുകളും സ്ഥാപിച്ച കമ്പനിയുമായി ഓരോ വർഷത്തേക്ക് AMC( ANNUAL MAINTANANCE CONTRACT) കരാറിൽ ഏർപ്പെടേണ്ടതും കൃത്യസമയത്ത് പുതുക്കേണ്ടതും ആയതു നഗരസഭയെ അറിയിക്കേണ്ടതുമാണ്.

15. ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും സുരക്ഷക്കായി ആവശ്യമായ സെക്യൂരിറ്റി സംവിധാനം ലൈസൻസി സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

16. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും സെക്രട്ടറിയുടെ പേരിൽ ഓരോ വർഷം ചുമത്തുന്ന ഇൻസ്പെക്ഷൻ ഫീസ് അടവാക്കേണ്ടതാണ്

17. 4 എസ്കലേറ്ററുകളുടെയും 2 ലിഫ്റ്റുകളുടെയും ലൈസൻസ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ഓരോ വർഷവും പുതുക്കേണ്ടതും ആയതിൻെറ കോപ്പി നഗരസഭയിൽ ഹാജരാക്കേണ്ടതുമാണ്.

18. 4 എസ്കലേറ്റുകളും 2 ലിഫ്റ്റുകളും പരിപാലിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ഉള്ളവരുടെ മേൽനോട്ടം ഉണ്ടായിരിക്കേണ്ടതാണ്.

19.കരാർ നിബന്ധനകൾ പാലിക്കാത്ത മൂലം എന്തെങ്കിലും അപകടമുണ്ടായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദി ആയിരിക്കുകയില്ല.

20. എസ്കലേറ്ററിന്റെ ഭാഗമായുള്ള രണ്ട് ഷോപ്പ് മുറികളും(61/13086 A, 61/13086B) ലേലം/ ടെണ്ടറിൽ ഉൾപ്പെടുന്നതാണ്

21. ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നതിന് മുമ്പ് തന്നെ ലേലത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്ഥലങ്ങൾ/ സ്ഥാപനങ്ങൾ മുതലായവ നേരിൽ പരിശോധിച്ചു ബോധ്യപ്പെടേണ്ടതാണ്. നിലവിലുള്ള അവസ്ഥയിലായിരിക്കും ലേലം ചെയ്യുക. സ്ഥലം/സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് ലേലത്തിനു ശേഷം ഉന്നയിക്കുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

22.ലിഫ്റ്റുകളും എസ്കലേറ്ററുകളും ഷോപ്പുകളും നഗരസഭയുടെ ശുചിത്വ പ്രോട്ടോക്കോൾ പ്രകാരം വൃത്തിയായി പരിപാലിക്കേണ്ടതാണ്.

23. അശ്ലീലമായതും നിയമപ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ളതുമായ വസ്തുക്കൾ/ സേവനങ്ങളുടെ പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടില്ലാത്തതാണ്. 24. സർക്കാർ ,കോർപ്പറേഷൻ, പോലീസ് വിഭാഗം എന്നിവർ ആവശ്യപ്പെടുന്ന ഏതെങ്കിലും പരസ്യങ്ങൾ ഉണ്ടെങ്കിൽ ആയതിന് യാതൊരു ഫീസും ഈടാക്കാതെ പ്രദർശിപ്പിക്കേണ്ടതാണ്.

25. പിഡബ്ല്യുഡി , പോലീസ് എന്നീ വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതിപത്രം വാങ്ങിയിരിക്കേണ്ടതാണ്.

26. പ്രകൃതി ക്ഷോഭമോ, കലാപമോ, മറ്റു ദുരന്തങ്ങൾ കാരണം മൂലമോ ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

27. അതാത് കാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കും.

1. ഓഫീസ് നോട്ടീസ് ബോർഡ്
2. സോണൽ ഓഫീസ് നോട്ടീസ് ബോർഡ്
3. കോർപേറേഷൻ വെബ്സൈറ്റ്
4. എല്ലാ ഹെൽത്ത് സർക്കിൾ ഓഫീസ് നോട്ടീസ് ബോർഡ്

ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ

കോഴിക്കോട് കോർപ്പ... Non Tax റവന്യൂ വിഭാഗം